**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1939** **06-07-2022 - ൽ മറുപടിയ്ക്ക്**

**അഗ്നിപഥിനെതിരെ സംസ്ഥാനത്തെ യുവജനങ്ങളുടെ വ്യാപക പ്രതിഷേധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ അഗ്നിപഥ് പദ്ധതിക്കെതിരെ സംസ്ഥാനത്തെ യുവജനങ്ങൾ വ്യാപക പ്രതിഷേധം ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2018 മുതൽ പ്രതിരോധ സേനാ മേഖലയിലേയ്ക്കുള്ള തൊഴിലിനായി വിവിധ റിക്രൂട്ട്മെന്റ് റാലികളിൽ പങ്കെടുത്ത് കായികക്ഷമത, വൈദ്യ പരിശോധനാ പരീക്ഷകൾ പാസ്സായിട്ടുള്ളവരും എൻ.സി.സി. സർട്ടിഫിക്കറ്റ് ഉള്ളവരുമായി സംസ്ഥാനത്ത് എത്ര പേരുണ്ട് എന്നത് പരിശോധിച്ച് വ്യക്തമാക്കാമോ; | (ബി) | വിവിധ സേനാവിഭാഗങ്ങളിലേയ്ക്കുള്ള നിയമനത്തിന് റിക്രൂട്ട്മെന്റ് റാലികൾ നടത്തുന്നത് അതാത് സേനാവിഭാഗങ്ങൾ നേരിട്ടാണ്. ആയതിനാൽ ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാർ പക്കൽ ലഭ്യമല്ല. |
| (സി) | ഇവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രസ്തുത പദ്ധതിക്കെതിരെ ഡൽഹി ജന്തർമന്ദറിൽ നടത്തിയ സമരത്തിൽ സംസ്ഥാനത്തുനിന്നുള്ള രാജ്യസഭാ അംഗം ഉൾപ്പെടെയുള്ളവർക്കെതിരെ ഡൽഹി പോലീസ് നടത്തിയ അതിക്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ജനപ്രതിനിധികൾക്കെതിരെ നടത്തിയ പോലീസ് അതിക്രമങ്ങൾക്കെതിരെ സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിന്റെയും ലോക് സഭാ സ്പീക്കറുടെയും ശ്രദ്ധയിൽപ്പെടുത്താൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ബന്ധപ്പെട്ട ജനപ്രതിനിധികൾക്ക് ഇക്കാര്യം രാജ്യസഭാ ചെയർമാന്റെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. |

സെക്ഷൻ ഓഫീസർ